മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) അറിയാം.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള വിവിധ പദ്ധതികളും മുഖ്യന്തിരം കഷ്ടകത്തൊഴിലാളികളുടെ ഇടയിലുള്ള തൊഴിലില്ലായ്മയ്ക്ക് ഏറക്കുറെ പരിഹാരം സിദ്ധിക്കുന്നതാണ്.

ശ്രീ. വി. ശ്രീധരൻ: കഷ്ടത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളവും ഉപയോഗപ്രദമായ വല്ല കണക്കുകളും എടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെ സംബന്ധിച്ച് സ്റ്റാറ്റിസ്റ്റിക്കൽ ഡിപ്പാർട്ട്മെന്റ് ചില കണക്കുകൾ ശേഖരിച്ചിട്ടുണ്ട്.

ശ്രീ. വി. ശ്രീധരൻ: അതിന്റെ ഏകദേശ വിവരമെങ്കിലും പറയാൻ മയവുണ്ടാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ കണക്കുകൾ ഒന്നും ഇപ്പോൾ എന്റെ കൈവശമില്ല. പ്രത്യേകം ഒരു ചോദ്യമായി ചോദിച്ചാൽ അപ്പോൾ തന്നെ വരുത്തി വിവരം നൽകുന്നതാണ്.

ശ്രീ. ടി. കെ. ദിവാകരൻ: കഷ്ടത്തൊഴിലാളികളുടെ പാർട്ട് ടൈം വർക്കുകഴിഞ്ഞാൽ പിന്നീട് അവർക്ക് തൊഴിൽ ഉണ്ടാക്കിക്കൊടുക്കുന്നതിന് വല്ല നിർദ്ദേശവും, അല്ലെങ്കിൽ പദ്ധതികളും രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചെറുകിട വ്യവസായത്തിനെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഉദ്ദേശംതന്നെ ഇതാണല്ലൊ.

ലിഫ്റ്റ് ഇറിഗേഷൻ.

* 72. [23] ശ്രീ. ടി. ഒ. ബാവ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഗവണ്മെന്റ് നേരിട്ട് നടത്തുന്ന ലിഫ്റ്റ് ഇറിഗേഷന് ശരാശരി ഒരേക്കറിന് എത്രവീതം ചെലവു വരുന്നുണ്ട്;

(ബി) ഒരേക്കർ നിലത്തിന് വെള്ളക്കരമായി എന്തു തുകവീതമാണ് ഈടാക്കിക്കൊണ്ടിരിക്കുന്നത്;

(സി) മേലാൽ എത്രവീതമാണ് ഈടാക്കാൻ നിശ്ചയിച്ചിട്ടുള്ളത്;

(ഡി) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെട്ട നിലങ്ങളിൽനിന്നും വെള്ളക്കരം കുടിശ്ശികയായി എന്തു തുക ഈടാകാനുണ്ട്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഒരേക്കറിന് ശരാശരി 33 രൂപ ചെലവു വരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

(ബി) ഒരേക്കറിന് 25 രൂപ നിരക്കിലാണ് ജലനികുതി ചുമത്തിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇക്കാര്യം ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

(ഡി) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെട്ട നിലങ്ങളുടെ വെള്ളക്കരം 25 രൂപയായിരുന്നതു് കൂടുതലാണെന്നു അനേകം പരാതികൾ ഗവണ്മെൻറിനു ലഭിച്ചതുകൊണ്ടു് വെള്ളക്കരം പരിശു് ഗവണ്മെൻറ് സ്റ്റേ ചെയ്തിരിക്കുകയാണു്. വെള്ളക്കരത്തിന്റെ റേറ്റ് ക്ലിപ്പപ്പെടുത്തിയതിനുശേഷമേ കൂടിശ്ശിക എന്തു കാണുമെന്നു കണക്കാക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. ടി. ഒ. ബാവ: സ്റ്റേ ചെയ്തതു് എന്നുമുതലാണെന്നു പറയാമോ?

ശ്രീ. കെ. ഐ. വേലായുധൻ: എന്നുമുതല്ലാണെന്നു നിശ്ചയമായി പറയാൻ ഇപ്പോൾ സാദ്ധ്യമല്ല.

ശ്രീ. ടി. ഒ. ബാവ: ലിഫ്റ്റ് ഇറിഗേഷൻ മുഖാന്തിരം നന്നു കിട്ടുന്ന കർഷകർ എത്ര കൊല്ലമായി വെള്ളക്കരം കൊടുക്കുന്നില്ല എന്നു പറയാമോ?

ശ്രീ. കെ. ഐ. വേലായുധൻ: കുറേക്കാലമായി കൊടുക്കുന്നില്ലെന്നാണു് രേഖകൾകൊണ്ടു കാണുന്നതു്.

ശ്രീ. എം. വി. ചെറിയാൻ: വെള്ളക്കരത്തിന്റെ തുക കുറയ്ക്കുന്നതിനുപകരം കൂട്ടുന്നതുകൊണ്ടു് കർഷകർക്കു കൂടുതൽ നഷ്ടമുണ്ടാകുമെന്നറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ: നഷ്ടമുണ്ടാകുന്ന വിധത്തിൽ കരം കൂട്ടുകയില്ല.

സഹകരണസംഘങ്ങൾ നടത്തിവരുന്ന ലിഫ്റ്റ് ഇറിഗേഷൻ

*73. [24] ശ്രീ. ടി. ഒ. ബാവ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) സംസ്ഥാനത്തു സഹകരണസംഘങ്ങൾ നടത്തിവരുന്ന എത്ര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുണ്ടു്;

(ബി) കണ്ണൂർ–പറവൂർ താലൂക്കുകളിൽമാത്രം എത്ര സഹകരണസംഘങ്ങൾ ലിഫ്റ്റ് ഇറിഗേഷൻ നടത്തുന്നു;

(സി) സഹകരണസംഘങ്ങൾ നടത്തുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കു് സബ്സിഡി നൽകണമെന്നു് അവർ ഗവണ്മെൻറിനോടു് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) സബ്സിഡി നൽകാത്തപക്ഷം ഈ പദ്ധതികളെല്ലാം ഗവണ്മെൻറ് നേരിട്ടു നടത്തുന്നതിനു് അവർ അപേക്ഷിച്ചിട്ടുണ്ടോ;

(ഇ) അതിനു എന്തു നടപടി നടത്തി?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ 4. മറ്റു ഡിസ്ട്രിക്റ്റുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly